പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 586 -ാം നമ്പർ ചോദ്യം

19.03.2013-ലെ മറുപടിക്ക്

വിഷയം: സാമ്പത്തിക ക്രമക്കേടുകൾക്കെതിരെ നടപടി

<u>ചോദ്യം</u> | <u>ഉത്തരം</u>

ശ്രീ.കെ.ദാസൻ

ശ്രീ. കെ.എം. മാണി
ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി

| | |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് എത്ര സാമ്പത്തിക ക്രമക്കേട് കേസ്സുകൾ ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി; വ്യക്തമാക്കാമോ; മാധ്യമങ്ങളിലൂടെയും മറ്റുമായി ഉയർന്നു വന്നിട്ടുള്ള സാമ്പത്തിക ക്രമക്കേടുകൾ സംബന്ധിച്ച വിവരങ്ങൾ ഏതെല്ലാം; | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് 34 ൽ അധികം സാമ്പത്തിക ക്രമക്കേട് കേസ്സുകൾ ധനകാര്യ വകുപ്പ് കണ്ടെത്തുകയുണ്ടായി. സാമ്പത്തിക ക്രമക്കേടുകളെ സംബന്ധിച്ച് മാധ്യമങ്ങളിലും മറ്റുമായി ഉയർന്നു വന്നിട്ടുള്ള റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ മാത്രം അന്വേഷണം നടത്തിയിട്ടില്ല. |
| (ബി) ഈ കേസ്സുകളിൽ ഏതിലെല്ലാം ധനകാര്യ വകുപ്പ് അന്വേഷണം നടത്തി എന്നും ക്രമക്കേടുകൾക്ക് ഉത്തരവാദികളായിട്ടുള്ളവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്നും വിശദമാക്കാമോ; | താഴെ പറയുന്ന സ്ഥാപനങ്ങളിൽ/കേസ്സുകളിൽ ധനകാര്യ വകുപ്പ് പരിശോധന നടത്തുകയും, അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്.<br>1.ആരോഗ്യ വകുപ്പ്<br>2.ദേശീയ സമ്പാദ്യ പദ്ധതിക്ക് കീഴിലുള്ള പത്തനംതിട്ട ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം.<br>3.താലൂക്ക് ഓഫീസ് ചിറ്റൂർ<br>4.താലൂക്ക് ഓഫീസ് കണ്ണൂർ<br>5.ചിറ്റൂർ ഷുഗർമിൽ & സിൽക്ക് തൃശ്ശൂർ<br>6.ഡി.റ്റി.പി.സി വയനാട്<br>7.സ്പോർട്സ് കൗൺസിൽ<br>8.ഡയറ്റ് കൊട്ടാരക്കര<br>9.മേജർ ഇറിഗേഷൻ ഡിവിഷൻ, കൊല്ലം<br>10.ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, തിരുവനന്തപുരം<br>11.കയർഫെഡ്, ആലപ്പുഴ<br>12.സെന്റർ ഫോർ കണ്ടിന്യൂയിങ്ങ് എഡ്യുക്കേഷൻ, തിരുവനന്തപുരം<br>13.ജില്ലാ പ്രൊജക്ട് ഓഫീസ്, NRHM, കൊല്ലം<br>14.കൃഷി വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്, ശാസ്താംകോട്ട<br>15.കൃഷിഭവൻ, ശാസ്താംകോട്ട<br>16.കെ.എഫ്.സി<br>17.പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസ്, കണ്ണൂർ<br>18.പി.ഡബ്ല്യൂ.ഡി റോഡ്സ് ഡിവിഷൻ, മൂവാറ്റുപുഴ<br>19.ജില്ലാ പ്ലാനിങ്ങ് ഓഫീസ്, തിരുവനന്തപുരം<br>20.വണ്ടാനം മെഡിക്കൽ കോളജ്, ആലപ്പുഴ<br>21.കേരള കാർഷിക സർവ്വകലാശാല വൈസ് |

| | |
|---|---|
| | ചാൻസലറായിരിക്കെ 16 ലക്ഷത്തിലധികം രൂപ ശമ്പളയിനത്തിൽ വൈസ് ചാൻസലർ ശ്രീ. വിശ്വംഭരൻ കൈപ്പറ്റിയത് സംബന്ധിച്ച്.<br>22.നെയ്യാറ്റിൻകര താലൂക്കിൽ പുതിച്ചൽ ഗവൺമെന്റ് എൽ.പി സ്കൂൾ.<br>23.സാംസ്കാരിക വകുപ്പ് കൊച്ചിൻ ബിനാലെ ഫൗണ്ടേഷൻ.<br>24.കാഡ്കോ തിരുവനന്തപുരം<br>25.ടി.ഡി മെഡിക്കൽ കോളജ് ആലപ്പുഴ<br>26.കേരള സ്റ്റേറ്റ് ടെക്സറ്റയിൽ കോർപ്പറേഷൻ, തിരുവനന്തപുരം<br>27.ഫിഷറീസ് യുണിവേഴ്സിറ്റി, എറണാകുളം<br>28.മത്സ്യഫെഡ് - ശക്തികുളങ്ങര ഡീസൽ ബങ്ക്<br>29.ഹാന്റലൂം വീവേഴ്സ് കോ.ഓപ്പറേറ്റീവ് സൊസൈറ്റികൾ<br>30.പി.ഡബ്ല്യൂ.ഡി റെസ്റ്റ് ഹൗസ്, പാലക്കാട്<br>31.കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ<br>32.ഗസ്റ്റ് ഹൗസ്, കോവളം<br>33.ബിവറേജ് കോർപ്പറേഷൻ<br>34.കൺസ്യൂമർഫെഡ് |
| (സി) സാമ്പത്തിക ക്രമക്കേടുകൾ നടത്തുന്നവർക്കെതിരെ സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ; സ്ഥാനമാന പരിഗണനകൾ കൂടാതെ സാമ്പത്തിക കുറ്റവാളികൾക്കെതിരെ നടപടിയെടുക്കുമോ എന്ന് വ്യക്തമാക്കുമോ? | ധനകാര്യ പരിശോധനാ റിപ്പോർട്ടുകൾ അതാതു വകുപ്പുകൾ പരിശോധിച്ച് നടപടി എടുത്തു വരുന്നു. |

സെക്ഷൻ ഓഫീസർ